ഫിഷറീസ് ഹൈസ്കൂളുകൾ.

* 978. [17] ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിൽ എത്ര ഫിഷറീസ് ഹൈസ്കൂളുകൾ ഉണ്ട്;

(ബി) അതിൽ എത്രയെണ്ണം ഗവണ്മെൻറുകെട്ടിടത്തിൽ നടത്തുന്നുണ്ട്;

(സി) കാടങ്കോട് (പെരുവത്തൂർ) ഫിഷറീസ് ഹൈസ്കൂളിനു് പുതിയ കെട്ടിടം നിർമ്മിക്കാനുള്ള പ്രവർത്തനം എത്രത്തോളമായി;

(ഡി) കെട്ടിടത്തിനു ഫിഷറീസ് ഡയറക്ടർ ശുപാർശചെയ്ത സ്ഥലം ഏതാണു്;

(ഈ) അതിന്മേൽ എന്തു തീരുമാനമെടുത്തു എന്നു പറയാമോ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) 6.

(ബി) 5. ഇതിൽ നാട്ടിക ഫിഷറീസ് ഹൈസ്കൂളിലെ ചില ക്ലാസുകൾ മാത്രം ഒരു വാടകക്കെട്ടിടത്തിലാണു നടത്തുന്നതു്;

(സി) ഇപ്പോൾ പെരുവത്തൂർ ഫിഷറീസ് ഹൈസ്കൂൾ സ്ഥിതി ചെയ്യുന്നസ്ഥലം സ്കൂൾ കമ്മിറ്റിയിൽ നിന്നും സൗജന്യമായി ഏറ്റുവാങ്ങി ഫിഷറീസ് ഡിപ്പാർട്ടുമെൻറിനു നൽകുന്നതിനുള്ള നടപടികൾ കണ്ണൂർ കളക്ടർ എടുത്തുവരികയാണു്. സ്ഥലം ഡിപ്പാർട്ടുമെൻറിനു കിട്ടിയ ഉടനെ പുതിയ കെട്ടിടത്തിൻറെ പണി ആരംഭിക്കുന്നകാര്യം പരിഗണിക്കുന്നതാണു്.

(ഡി) ഇപ്പോൾ സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലത്തുതന്നെ കെട്ടിടം പണിയിക്കാനാണുദ്ദേശിക്കുന്നതു്. ഫിഷറീസ് ഡയറക്ടർ വേറെ സ്ഥലമൊന്നും ശുപാർശചെയ്തിട്ടില്ല.

(ഈ) ചോദ്യം ഉദിക്കുന്നില്ല.

കളിസ്ഥലം സ്വന്തമായില്ലാത്ത സ്കൂളുകൾ

* 979. [18] ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ കളിസ്ഥലം സ്വന്തമായില്ലാത്ത എത്ര സെക്കണ്ടറിസ്കൂളുകൾ ഉണ്ട്;

(ബി) എത്ര സ്കൂളുകൾ കളിസ്ഥലം പൊന്നും വിലയ്ക്കെടുത്തുകൊടുക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്;

(സി) എത്ര സ്കൂളുകളുടെ കാര്യത്തിൽ സ്ഥലം പൊന്നുംവിലയ്ക്കെടുക്കുന്നതിൽ ഗവണ്മെൻറു നടപടിയെടുത്തിട്ടുണ്ട്;

(ഡി) സ്ഥലം മുൻകൂട്ടി ഏല്പിച്ചുതന്നിട്ടുള്ള എത്ര സ്ഥലമുടമകൾക്കു് ഇനിയും വിലകൊടുക്കുവാൻ ബാക്കിയുണ്ട്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ):

(എ) 21.

(ബി) 10.

(സി) 11.

(ഡി) 1.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: പൊന്നും വിലയ്ക്കെടുക്കുന്ന സ്ഥലത്തിനു് വില കൊടുക്കാൻ താമസിക്കുന്നതെന്തുകൊണ്ടാണു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ: സാങ്കേതികമായ നടപടികളും പൂർത്തിയായിട്ടില്ലാത്തതുകൊണ്ട് താമസം വന്നതാണ്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇതിൽ ഗവണ്മെന്റ് സ്കൂളുകളും വല്ലതും ഉണ്ടോയെന്നുപറയാമോ?

ശ്രീ. ആർ. ശങ്കർ: ഗവണ്മെന്റ് സ്കൂളുകളുമുണ്ട്. അതിന്റെ വിശദവിവരം കൈവശമില്ല.

ശ്രീ. പി. സി. രാഘവൻ നായർ: കോഴിക്കോട്ട ജില്ലയിൽ മേപ്പയ്യൂർ സ്കൂളിനു സ്ഥലം പൊന്നും വിലയ്ക്കു എടുത്തിട്ട് അതു കളിസ്ഥലമായി മാറ്റിയിട്ടില്ല. അതിനുള്ള നടപടിയെടുക്കുമോ?

ശ്രീ. ആർ. ശങ്കർ: അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യർ: സാധാരണ സ്ഥലം പൊന്നുംവിലയ്ക്കെടുത്താൽ പണം കൊടുക്കുന്നതിനു എത്രകാലം വേണ്ടിവരും?

ശ്രീ. ആർ. ശങ്കർ: ടൈറ്റിൽസംബന്ധിച്ചു തക്കം ഉണ്ടായാൽ വിചാരിച്ചിരിക്കാത്ത താമസം വരും.

ശ്രീ. സി. അച്യുതമേനോൻ: കളിസ്ഥലങ്ങൾക്കു എത്ര സ്ഥലം വേണമെന്നു നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. ആർ. ശങ്കർ: മൊത്തം 3 ഏക്കർ സ്ഥലം ഒരു ഹൈസ്കൂളിനു വേണമെന്നു വ്യവസ്ഥയുണ്ട്. അതു കളിസ്ഥലം ഉൾപ്പെടെയാണ്.

ഭവനനിർമ്മാണ പദ്ധതികൾക്കു നീക്കിവച്ചിരുന്ന സംഖ്യ

* 980. [19] ശ്രീ. പി. കെ. നാരായണൻനമ്പ്യാർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64-ൽ വിവിധ ഭവനനിർമ്മാണ പദ്ധതികൾക്കു നീക്കിവച്ചിരുന്ന സംഖ്യ എത്രയാണ് ;

(ബി) അതിൽ ഓരോ ഇനത്തിലും എത്ര ചെലവായി;

(സി) കോഴിക്കോട്ടജില്ലയിൽ സെറ്റിൽമെന്റുസ്കീം അനുസരിച്ചു പേരാംപ്രയിൽ സാംബവർക്കു വേണ്ടി തുടങ്ങിയ ഭവന നിർമ്മാണം ഏതു നിലയിൽ ഇരിക്കുന്നു ;

(ഡി) എത്ര തുക ചെലവായി ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ, ബി) വിശദവിവരങ്ങൾ അടങ്ങിയ † സ്റ്റേറ്റുമെന്റു് മേശപ്പുറത്തു് വച്ചിരിക്കുന്നു.

(സി) 25 വീടുകൾ അനുവദിച്ചതിൽ ഒരെണ്ണത്തിന്റെ പണി പൂർത്തിയായി. ബാക്കിയുള്ളതിൽ 10 എണ്ണം റൂഫ് ലെവൽവരെയും, 14എണ്ണം ബേസ്മെന്റു് ലെവൽവരെയും എത്തിയിട്ടുണ്ട്.

(ഡി) 13,270 രൂപ 80 നയാപൈസ ചെലവായി.

ശ്രീ. പി. കെ. നാരായണൻ നമ്പ്യാർ: എപ്പോഴാണ് ഇതിന്റെ പണി തുടങ്ങിയതു്? റൂഫ് ഇല്ലെങ്കിൽ മഴക്കാലത്തു് ചുവർ ഇടിഞ്ഞു പോകും. അതുകൊണ്ടു് കഴിയുന്നതും വേഗം പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

† Appendix II.

LIBRARY ARCHIVES Kerala Legislative Assembly